# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6958 13.07.2012 - ൽ മറുപടിക്ക്

## തിരുവനന്തപുരത്തെ സ്വിമ്മിങ്ങ് പൂളിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിലെ ഏറ്റവും സൗകര്യമാർന്നതും സർക്കാർ മേഖലയിലുണ്ടായിരുന്നതുമായ സ്വിമ്മിങ്ങ് പൂളിന്റെ പ്രവർത്തനം എന്ന് മുതലാണ് അവസാനിപ്പിച്ചത്; | (എ), (ബി) & (സി) | 35-ാമത് ദേശീയ ഗെയിംസിന്റെ ജലവിനോദ മത്സര ഇനങ്ങൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്വിമ്മിംഗ് പൂൾ 09.02.2010-ൽ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് കൈ മാറി. ഈ നീന്തൽക്കുളത്തിന്റെ പുനർനിർമ്മാണം ഉൾപ്പെടെയുളള പ്രവൃത്തികൾ 2010 ഫെബ്രുവരിയിൽ ആരംഭിച്ചുവെങ്കിലും പണി സ്ഥലത്തുണ്ടായിരുന്ന വലിയ ഭൂഗർഭ ജല വിതരണപൈപ്പുകൾ മാറ്റിയിടുവാൻ കാലതാമസമുണ്ടായതിനാൽ 2010 സെപ്റ്റംബറിൽ നിർത്തി വയ്ക്കേണ്ടി വന്നു. 2011 ഫെബ്രുവരിയിലാണ് ജല അതോറിറ്റി അധികൃതർ പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തി പൂർത്തിയാക്കിയത്. 2011 മാർച്ചിൽ പണി പുനരാരംഭിച്ചുവെങ്കിലും മാറ്റിയിട്ട പൈപ്പുകളുടെ അടിയിലൂടെ ശക്തിയായ ഭൂഗർഭ ഉറവകളുടെ ഒഴുക്കുണ്ടാകുകയും തൽഫലമായി മാറ്റിയിട്ട പൈപ്പുകൾക്ക് സ്ഥാനഭ്രംശം സംഭവിച്ച് ചോർച്ചയുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ 2011 മെയ് മാസത്തിൽ പണി വീണ്ടും നിർത്തേണ്ടി വരികയുമാണുണ്ടായത്. അതിനു ശേഷം പണി പുനരാരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സ്വിമ്മിങ്ങ് പൂളിന്റെ പ്രവർത്തനം വളരെ പെട്ടെന്ന് നിർത്താനുണ്ടായ കാരണം വെളിപ്പെടുത്തുമോ; | | |
| (സി) | ഇതിന്റെ പുനർനിർമ്മാണം ആരാണ് നടത്തി വരുന്നത്; പൂളിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | സ്വകാര്യ സ്വമ്മിങ്ങ് പൂളു കാർക്ക് ലാഭം കൊയ്യാൻ വേണ്ടിയാണ് പ്രവർത്തനക്ഷ മമായിരുന്ന സ്വിമ്മിങ്ങ്പൂൾ പൊളിച്ചതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | കോടികൾ ചെലവഴിച്ച പ്രസ്തുത സ്വമ്മിങ്ങ് പൂൾ പ്രവർത്തനരഹിതമാക്കിയതി നെക്കുറിച്ച് വിശദമായ ഒരു അന്വേഷണത്തിന് ഉത്തരവാ കുമോ ? | (ഇ) | ഇക്കാര്യം അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ